"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ഉൾപ്പെടുന്ന കണിച്ചാർ വില്ലേജിൽ 2022 ആഗസ്റ്റ് മാസത്തിലുണ്ടായ ഉരുൾപൊട്ടലിനെ പ്രത്യേക ദുരന്തമായി പരിഗണിച്ച് വീട് നഷ്ടപ്പെട്ടവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്

സ.ഉ.(സാധാ) നം.268/2024/RD  തീയതി,തിരുവനന്തപുരം, 19-01-2024

---

പരാമർശം:- 1. സ.ഉ. (കൈ) നം. 5/2023/DMO, തീയതി, 07.06.2023.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 06.01.2024 തീയതിയിലെ LR/8738/2023-LR(H2) നമ്പർ കത്ത് മുഖേന, 01.08.2023 തീയതിയിലെ ജില്ലാ കളക്ടറുടെ DCKNR/5203/2022-DM1 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ഉൾപ്പെടുന്ന കണിച്ചാർ വില്ലേജിൽ 2022 ആഗസ്റ്റ് മാസത്തിലുണ്ടായ ഉരുൾപൊട്ടലിനെ പ്രത്യേക ദുരന്തമായി പരിഗണിച്ച് 2018-19-ലെ പ്രളയത്തിൽ അനുവദിച്ചത് പോലെ, പൂർണ്ണമായി നഷ്ടപ്പെട്ട വീടുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കൂടി ധനസഹായം നൽകി ആകെ 4 ലക്ഷം രൂപയും ഭാഗിക നാശം സംഭവിച്ച കേസുകളിൽ നാശനഷ്ടത്തോത് അനുസരിച്ചുള്ള ധനസഹായവും, ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള നാല് ലക്ഷം രൂപയ്ക്കു പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1 ലക്ഷം രൂപയും ചേർത്ത് ആകെ 5 ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ദുരന്തത്തിൽ പൂർണ്ണമായി വീട് നഷ്ടപ്പെട്ട 9 കുടുംബങ്ങൾക്കും, ഭാഗികമായി വീട് നഷ്ടപ്പെട്ട 53 കേസുകളിൽ നാശനഷ്ടത്തോത് അനുസരിച്ചുള്ള ധനസഹായവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിന് 44,01,300/- (നാൽപ്പത്തിനാല് ലക്ഷത്തി ആയിരത്തി മുന്നൂറ് രൂപ മാത്രം) രൂപയും മരണം സംഭവിച്ച [1. നുമാ തസ്മിൻ (രണ്ടര വയസ്സ്, D/o നാദിറ.ജെ.റഹിം, നേടിയക്കാലയിൽ, കമ്മന്നൂർ, കോന്നി, പത്തനംതിട്ട (ദുരിതാശ്വാസ ധനസഹായം അനുവദിക്കേണ്ടത് - നാദിറ.ജെ.റഹിം (മാതാവ്), 2. രാജേഷ് (45 വയസ്സ്) അരുവിക്കൽ ഹൗസ്, താഴെ വെള്ളറ കോളനി. പി.ഒ., പൂളക്കുറ്റി (ദുരിതാശ്വാസ ധനസഹായം അനുവദിക്കേണ്ടത് - കല്യാണി (ഭാര്യ), 3. മണ്ണാളി ചന്ദ്രൻ (55 വയസ്സ്), മേലെ വെള്ളറ കോളനി പി.ഒ., പൂളക്കുറ്റി (ദുരിതാശ്വാസ ധനസഹായം അനുവദിക്കേണ്ടത് - ഇന്ദിര (ഭാര്യ)] എന്നീ മൂന്നുപേരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് **3,00,000/-** (മൂന്ന് ലക്ഷം രൂപ മാത്രം) രൂപയും പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ഉൾപ്പെടുന്ന കണിച്ചാർ വില്ലേജിൽ 2022 ആഗസ്റ്റ് മാസത്തിലുണ്ടായ ഉരുൾപൊട്ടലിൽ ദുരിതമനുഭവിച്ചവർക്ക് വീട് നഷ്ടപ്പെട്ടവർക്ക് (പൂർണമായും, ഭാഗികമായും) അനുവദിക്കേണ്ട 44,01,300 രൂപയും, മരണപ്പെട്ട 3 പേരുടെ ആശ്രിതർക്ക് 3,00,000/- രൂപയും ചേർത്ത് ആകെ **47,01,300/-** (നാൽപ്പത്തിയേഴ് ലക്ഷത്തി ആയിരത്തി മുന്നൂറു രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന തുകയായ **47,01,300/-** (നാൽപ്പത്തിയേഴ് ലക്ഷത്തി ആയിരത്തി മുന്നൂറു രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ, തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ , തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Sheeba M
സെക്ഷൻ ഓഫീസർ
Date: 20-01-2024 10:34:22

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ദുരന്ത നിവാരണ (എ) വകുപ്പ്

റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി ) വകുപ്പുകൾക്ക്